**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - വനം വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുള്ള വൃക്ഷത്തൈ ഉൽപാദനം/ നടീൽ/പരിപാലനം - വൃക്ഷ സമൃദ്ധി പദ്ധതി - പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവാകുന്നു.

---

**വനം വന്യജീവി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.52/2022/F&WLD തീയതി,തിരുവനന്തപുരം, 16-02-2022

---

പരാമർശം:-

1. ബഹു.തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 14.09.2021 തീയതിയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് &ഡവലപ്പ്മെന്റ്)-ടെ 09.11.2021 , 4/12/2021 തീയതികളിലെ എസ്.എ2-78/2021 നമ്പർ കത്ത്.
3. സ.ഉ (സാധാ) നം.2373/2021/ത.സ്വ.ഭ.വകുപ്പ്, തീയതി 24/11/2021
4. വനസേനാമേധാവിയുടെ 01.2.2022 തീയതിയിലെ എസ്.എ2-782 /2021 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വനം-തദ്ദേശ സ്വയം ഭരണ വകുപ്പുകൾ സംയുക്തമായി വനവൽക്കരണ പരിപാലന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇതിലേയ്ക്കായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷത്തൈ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പരാമർശം (1) പ്രകാരം തീരുമാനമായിട്ടുണ്ട്. ഇതിൻപ്രകാരം സോഷ്യൽ ഫോറസ്ട്രി വിഭാഗം ഉദ്യോഗസ്ഥർ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ ജോയിന്റ് ഡയറക്ടർ, ജില്ലാ കോർഡിനേറ്റർമാർ എന്നിവർ യോഗം ചേർന്ന് വനം-തദ്ദേശസ്വയം ഭരണ വകുപ്പ് തലത്തിലും ദേശീയ തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ തലത്തിലും കൈക്കൊള്ളേണ്ട നടപടികളെ കുറിച്ച് ധാരണ ഉണ്ടാക്കിയിട്ടുള്ളതായും ചെയ്യേണ്ടുന്ന പ്രവർത്തനങ്ങൾക്കായി സമയക്രമം നിശ്ചയിച്ച് നൽകിയതായും പരാമർശം(2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡവലപ്പ്മെന്റ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വനം വകുപ്പ് സോഷ്യൽഫോറസ്ട്രി വിഭാഗവും തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി ഏറ്റെടുക്കുന്ന വനവത്ക്കരണ പ്രവർത്തികളുടെ ഭാഗമായി, വൃക്ഷത്തൈ നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ സാധന സാമഗ്രികൾക്കുള്ള ചെലവ് ഓരോ പഞ്ചായത്തുകൾക്കും അവരവരുടെ സാഹചര്യം വിലയിരുത്തി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നോ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സാധന ഘടകത്തിൽ നിന്നോ ചെലവഴിക്കുവാൻ പരാമർശം (3)

പ്രകാരം അനുവാദം നൽകി തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവായിരുന്നു. മേൽ പദ്ധതിയിൻകീഴിൽ നഴ്സറി സ്ഥാപിക്കുന്നതിനുവേണ്ടി സാങ്കേതിക സഹായവും നഴ്സറിയ്ക്കാവശ്യമായ വിത്തും വനംവകുപ്പ് വാങ്ങി കൊടുക്കേണ്ടതായിട്ടുണ്ടെന്നും തുടക്കം എന്ന നിലയിൽ നല്ലയിനം വിത്തുകൾ നഴ്സറി ഉൽപ്പാദനത്തിനായി വനം വകുപ്പിൽ നിന്നും നൽകേണ്ടതായി വരുമെന്നും, കൂടാതെ രണ്ട് വകുപ്പുകളുടെയും സംയോജിത പ്രവർത്തനത്തിന് സാങ്കേതിക സഹായം നൽകേണ്ടതുണ്ടെന്നും, ആയതിനാൽ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ടെന്നും പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ്&ഡവലപ്പ്മെന്റ്) ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഇക്കാര്യങ്ങൾ ശിപാർശ ചെയ്ത് 'വൃക്ഷ സമൃദ്ധി പദ്ധതി' എന്ന പേരിൽ സമഗ്രമായ ഒരു പ്രൊപ്പോസൽ പരാമർശം (5) പ്രകാരം വനസേനാമേധാവി സമർപ്പിച്ചിരുന്നു. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി വരും വർഷങ്ങളിലും വൃക്ഷത്തൈ നഴ്സറികൾ സ്ഥാപിക്കുന്നതിന് തൈകൾ നട്ട് 5 വർഷം വരെ പരിപാലിക്കുന്നതിനും തദ്ദേശ സ്വയം ഭരണ -വന്യജീവി വകുപ്പുകളുടെ സംയോജിത പ്രവർത്തനം ആവിഷ്കരിക്കുന്നതിനും തദ്ദേശസ്വയം ഭരണ വകുപ്പും യോജിപ്പ് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനേതര പ്രദേശങ്ങളിൽ, പ്രത്യേകിച്ചും പൊതു/സ്വകാര്യ ഉടമസ്ഥതയിലുള്ള പ്രദേശങ്ങളിൽ വൃക്ഷ വൽക്കരണ പരിപാല പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ച് കേരളത്തിന്റെ ഹരിതാഭ വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്ന, വനം-തദ്ദേശ സ്വയം ഭരണ വകുപ്പും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയോജിച്ചുള്ള 'വൃക്ഷ സമൃദ്ധി 'പദ്ധതിയ്ക്ക് അനുമതി നൽകി; ടി പ്രവൃത്തികളിൽ വനം വകുപ്പിന്റെ ചുമതലകൾ ചുവടെ ചേർക്കും വിധം വ്യക്തമാക്കി ഉത്തരവാകുന്നു.

- പദ്ധതിയുടെ പ്രാരംഭ വർഷത്തിൽ (2022 നടീൽ വർഷത്തേയ്ക്ക മാത്രമായി) മദർബെഡ് നഴ്സറിയ്ക്കാവശ്യമായ ഗുണമേന്മയുള്ളതും യോജിച്ചതുമായ തൈകളും നടീൽ വസ്തുക്കളും തദ്ദേശ സ്വയം ഭരണ വകുപ്പിന് വിതരണം ചെയ്യുക. 2022 നടീൽ വർഷത്തേയ്ക്ക് ആവശ്യമായ 43.5 ലക്ഷം വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്നതിന് ചെലവ് വരുന്ന 45 ലക്ഷം രൂപ, BH: 2406-01-800-55-01-Extension Forestry (Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

- പദ്ധതി നടപ്പാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ സാങ്കേതിക സഹായം പദ്ധതി കാലയളവിൽ നൽകുക.

- നഴ്സറികൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും തൊഴിലുറപ്പ് തൊഴിലാളികൾക്കും പരിശീലനം നൽകുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

1. വനസേനാ മേധാവി, വനം വകുപ്പ് ആസ്ഥാനം, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡവലപ്പ്മെന്റ്), തിരുവനന്തപുരം

3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള , തിരുവനന്തപുരം

5. തദ്ദേശസ്വയം ഭരണ (ഡി ഡി) വകുപ്പ്

6. വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

7. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Anjaly Devi A G**
**Date: 16-02-2022 16:26:16**

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. ബഹു.വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ ക്ക്